ശ്രീ. ഇ. കെ. നായനാർ: ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കിയിട്ടുണ്ടോ എന്നെനിക്കറിയില്ല. വണ്ടിയിൽ സാധാരണ ടിന്നിലാണ് തൈര് വരുന്നത്. ഇപ്പോൾ അതുമാറ്റി പ്ലാസ്റ്റിക്ക് ബക്കറ്റുകളിലാണ് വരുന്നത്. അത് ടിന്നിനേക്കാളും മോശമാണ്. അല്ലെങ്കിൽ തന്നെ സ്വാഭാവികമായിട്ടും ടിന്നുകളിൽ വരുന്ന തൈര് നാറുന്നതാണ്. പിന്നെ പ്ലാസ്റ്റിക്കിൽ കൂടിയായാലോ; രണ്ടും മൂന്നും ദിവസം പഴക്കമുള്ള തൈരുകളാണ് വരുന്നത്. കാക്കകൊക്കും മറ്റും തിന്നാൻ മാത്രമേ സാധിക്കുകയുള്ളു. ഇതൊക്കെ നന്നാക്കി എടുക്കാനും ഇത് പരിശോധിക്കാനും വല്ല ഏർപ്പാടും ഉണ്ടോ; അങ്ങനെ എന്തെങ്കിലും ഏർപ്പാടുണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?.

ശ്രീ. തച്ചടി പ്രഭാകരൻ: പ്രതിപക്ഷനേതാവ് പറയുന്ന എല്ലാം മനസ്സിലാക്കുന്ന ഒരു മന്ത്രിയാണെന്നുള്ളത് ബോദ്ധ്യമായില്ലേ? ആ കാര്യത്തിൽ സംശയം വേണ്ട. തൈര് പാട്ടയിൽ കൊണ്ടുവരുന്നതാണോ നല്ലത് പ്ലാസ്റ്റിക് ബക്കറ്റിൽ കൊണ്ടുവരുന്നതാണോ നല്ലത് എന്നുള്ളതിനെക്കുറിച്ച് പരിശോധിക്കാം. അങ്ങനെ കൊണ്ടുവരുന്നതിൽ ഏതെങ്കിലും രീതിയിലുള്ള അനാരോഗ്യകരമായ നടപടി ഉണ്ടാകുന്നുവെങ്കിൽ അത് തടയാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

പഞ്ചായത്തുകൾക്ക് നൽകിവരുന്ന ഗ്രാന്റ്

*2 [449] ശ്രീ. എ. കെ. പത്മനാഭൻ:
,, വി. ജെ. തങ്കപ്പൻ:
,, സി. കെ. തങ്കപ്പൻ:
ശ്രീമതി പി. ദേവൂട്ടി:

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് ഇപ്പോൾ ഏതെല്ലാം തരത്തിലുള്ള ഗ്രാന്റുകളാണ് നൽകുന്നത്;

(ബി) പഞ്ചായത്തുകൾക്ക് നൽകി വന്നിരുന്ന പല ഗ്രാന്റുകളും ഇപ്പോൾ കൊടുക്കുന്നില്ലെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒരു വർഷം ഒരു പഞ്ചായത്തിന് കുറഞ്ഞത് എത്ര രൂപയുടെ ഗ്രാന്റ് കൊടുക്കണമെന്നാണ് നിർദ്ദേശം?

പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി (ശ്രീ. സി.എം. സുന്ദരം): (എ) സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് താഴെ പറയുന്ന ഗ്രാന്റുകളാണ് നൽകി വരുന്നത്:

കെട്ടിട നിർമ്മാണ ഗ്രാന്റ്, സ്പെഷ്യൽ ഗ്രാന്റ്, ഇനിഷ്യൽ ഗ്രാന്റ്, ബ്ലോക്ക് ഗ്രാന്റ്, ബാഡ്ഹോക്ക് ഗ്രാന്റ്, എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റുകൾ, ആരോഗ്യ വകുപ്പിൽനിന്നു മാറിവന്ന കൺസർവൻസ്ക്കാർക്ക് ശമ്പളം നൽകുന്നതിനുള്ള ഗ്രാന്റുകൾ, ഏഴിന പരിപാടി, പാവങ്ങൾക്ക് പരിസര ശുചീകരണത്തിനുള്ള ഗ്രാന്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഭികസന പരിപാടികൾ ഏകീകരിക്കുന്നതിന് ഉള്ള ഗ്രാൻറ്, ശുദ്ധ ജല വിതരണ സ്ഥാപനങ്ങളുടെ കേടുപാടു പോക്കലും, സംരക്ഷണവും സംബന്ധിച്ചുള്ള ഗ്രാൻറുകൾ (വരൾച്ച സഹായ ഇൻസെന്റീവേഷൻ), കുഴൽക്കിണറുകൾ കുഴിക്കുന്നതിനുള്ള ഗ്രാൻറ്, ശ്മശാനങ്ങൾ തുറക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ഗ്രാൻറ്, ഓടകളും കക്കൂസുകളും നിർമ്മിക്കുന്നതിനുള്ള ഗ്രാൻറ്, ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണത്തിനുള്ള ഗ്രാൻറ് (എം. ഐ. ഗ്രാൻറ്), ഗ്രാമ റോഡുകളുടെ സംരക്ഷണത്തിനും മെച്ചപ്പെടുത്തുന്നതിനുമായുള്ള ഗ്രാൻറ് (വി. ആർ. എം. ഗ്രാൻറ്), റെയിൽവേ ക്രോസ്സുകളുടെ സംരക്ഷണത്തിനുള്ള ഗ്രാൻറ്, ലൈറ്റിംഗ് ഗ്രാൻറ്, സ്പോർട്സ് ആൻറ് ഗെയിംസ് ഗ്രൗണ്ട്സ് ഗ്രാൻറ്, ഓപ്പൺ എയർ തിയേറ്റർ ഗ്രാൻറ്, വസ്തു കൈമാറ്റ നികുതിയിനത്തിൽ പഞ്ചായത്തിനു ലഭിക്കുന്ന ധനസഹായം, വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ, ബേസിക് ടാക്സ് ഗ്രാൻറ്.

(ബി) മുകളിൽ പറഞ്ഞ എല്ലാ ഗ്രാൻറുകളും പണത്തിന്റെ ലഭ്യതയനുസരിച്ച് പഞ്ചായത്തുകൾക്ക് നൽകുന്നുണ്ട്.

(സി) പ്രത്യേക നിർദ്ദേശമൊന്നുമില്ല.

ശ്രീ. എ. കെ. പത്മനാഭൻ: ബഹുമാനപ്പെട്ട മന്ത്രി പഞ്ചായത്തുകൾക്ക് നൽകുന്ന ഗ്രാൻറിനെ സംബന്ധിച്ച് ഒരു നീണ്ട ലിസ്റ്റാണ് ഇവിടെ വായിച്ചത്. ഒന്നാം ചോദ്യകർത്താവ് എന്നുള്ള നിലയിൽ എനിക്ക് ആ ലിസ്റ്റ് തരേണ്ടതായിരുന്നു, തന്നിട്ടില്ല. ഇതിന്റെ കൂട്ടത്തിൽ ബേസ്സിക് ടാക്സ് ഗ്രാൻറ് എന്ന് ഒരു ഗ്രാൻറ് ഉണ്ട്. അത് ഈ സംസ്ഥാനത്തെ ഏതെങ്കിലും പഞ്ചായത്തുകൾക്ക് ഇനിയും നൽകാൻ ബാക്കിയുണ്ടോ?

ശ്രീ. സി. എം. സുന്ദരം: ജില്ലാ കളക്ടർമാർ നൽകുന്ന കണക്കനുസരിച്ചുള്ള ബേസിക് ടാക്സ് ഗ്രാൻറ് വിഹിതങ്ങൾ നൽകുന്നതാണ്.

ശ്രീ. എ. കെ. പത്മനാഭൻ: കഴിഞ്ഞ നാലുവർഷക്കാലമായി ഈ ബേസിക് ടാക്സ് ഗ്രാൻറ് കിട്ടുന്നില്ല. ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് കിട്ടാത്തതുകൊണ്ടാണ് കൊടുക്കാത്തത്. കഴിഞ്ഞവർഷം ഒരു കോടി 35 ലക്ഷം രൂപ ഇതിന്റെ പേരിൽ സറണ്ടർ ചെയ്യേണ്ടി വന്നിട്ടുണ്ട് എന്നെല്ലാം സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞതാണ്. ഇത്രയും വർഷമായിട്ടും ജില്ലാ കളക്ടർമാരിൽ നിന്നും റിപ്പോർട്ട് കിട്ടാതിരിക്കാനുള്ള കാരണമെന്താണ്? അത് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. സി.എം. സുന്ദരം: ഒരേ പഞ്ചായത്തിൽ രണ്ടുമൂന്നു വില്ലേജുകൾ ഉള്ളതുകൊണ്ട് ആ കണക്കുകൾ ശരിയായിട്ട് കിട്ടാൻ കാലതാമസമുണ്ടാകുന്നു എന്നും ശരിയായിട്ടുള്ള കണക്കുകൾ കിട്ടുന്നില്ലെന്നുമാണ് കളക്ടർമാരുടെ അഭിപ്രായം.

ശ്രീ. വി. ജെ. തങ്കപ്പൻ: പഞ്ചായത്ത് ഫിനാൻസ് കമ്മീഷന്റെ റിപ്പോർട്ടിൽ കൂടുതലായി എന്തെങ്കിലും ഗ്രാൻറ് നൽകാൻ നിർദ്ദേശം ഉണ്ടോ?

ശ്രീ. സി. എം. സുന്ദരം: പഞ്ചായത്ത് ഫിനാൻസ് കമ്മീഷന്റെ റിപ്പോർട്ട് പഠിച്ചു നടപ്പിലാക്കേണ്ട കാര്യങ്ങൾ ശ്രദ്ധിച്ചു വരുന്നുണ്ട് എന്നുമാത്രമേ ഉള്ളൂ. അതിന്റെ വിശദാംശങ്ങളിലേക്ക് കടന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ: പഞ്ചായത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികൾ നിലവിലില്ലാത്ത ഈ അസുലഭ സന്ദർഭം ഉപയോഗിച്ചുകൊണ്ടും ഡിപ്പാർട്ടുമെന്റൽ ഉദ്യോഗസ്ഥൻമാർ ഭരിക്കുന്നതുകൊണ്ടും പഞ്ചായത്തിന് നൽകേണ്ട എല്ലാ ഗ്രാന്റുകളും (പ്രത്യേകിച്ച് മിച്ച ബഡ്ജറ്റ് നിലവിലുള്ള ഈ സാഹചര്യത്തിൽ) അടിയന്തിരമായി കൊടുത്തുതീർക്കാൻ ഗവൺമെന്റിന് ഒരു ഉണ്ടാകുമോ?

ശ്രീ. സി. എം. സുന്ദരം: എല്ലാ കാര്യങ്ങളും എന്നു പറഞ്ഞത് ഗ്രാന്റിനെ ഉദ്ദേശിച്ചാണെന്നാണ് ഞാൻ വിചാരിക്കുന്നത്. പണത്തിന്റെ ലഭ്യത അനുസരിച്ച് പഞ്ചായത്തുകൾക്ക് കൊടുക്കാൻ സാധിക്കും.

ശ്രീ. സി. കെ. തങ്കപ്പൻ: നമ്മുടെ സംസ്ഥാനത്ത് രണ്ടു മൂന്നു സൈസ് പഞ്ചായത്തുകൾ ഉണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. സ്പെഷ്യൽ ഗ്രേഡ് എന്നു പറഞ്ഞ് കുറേ പഞ്ചായത്തുകൾ ഉണ്ട്. സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകൾ ആക്കുന്നതിനുള്ള മാനദണ്ഡം എന്താണ്?

ശ്രീ. സി. എം. സുന്ദരം: അതിന് പ്രത്യേകം നോട്ടീസ് വേണം.

ശ്രീ. സി. കെ. തങ്കപ്പൻ: നോട്ടീസ് ഉള്ളതുകൊണ്ടാണ് ഇങ്ങനെ ചോദിക്കുന്നത്. സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്ത് എന്നു പറഞ്ഞാൽ എന്താണെന്ന് അറിയാൻ വയ്യാത്ത മന്ത്രിയാണിത്. ബഹുമാനപ്പെട്ട മന്ത്രി പല നിലവാരത്തിൽ അറിയപ്പെടുന്ന ഗ്രാന്റുകളെ സംബന്ധിച്ച് പറഞ്ഞു. വില്ലേജ് റോഡ് മെയിന്റനൻസ് ഗ്രാന്റ് എന്നുള്ള നിലയ്ക്ക് കേരളത്തിൽ എത്ര പഞ്ചായത്തുകൾക്ക് ഗ്രാന്റ് കൊടുത്തിട്ടുണ്ട്; എത്ര തുക കൊടുത്തിട്ടുണ്ട്; ആ പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. സി. എം. സുന്ദരം: അതൊക്കെ കൂടുതൽ വിവരങ്ങൾ ഉള്ള കാര്യങ്ങളാണ്. അതുംകൂടെ അതിന് പ്രത്യേക നോട്ടീസ് വേണം.

ശ്രീമതി പി. ദേവൂട്ടി: ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ഏഴിന പരിപാടി എന്നുപറഞ്ഞ് ഒരു പരിപാടി ആസൂത്രണം ചെയ്തിരുന്നു. ആ ഏഴിനപരിപാടിയിൽ ഏതിനൊക്കെയാണിപ്പോൾ ഗ്രാന്റ് കൊടുക്കുന്നത്? അതുപോലെതന്നെ ലാസ്റ്റ് ഗ്രേഡ് പഞ്ചായത്തിന് ഏതെല്ലാം ഐറ്റത്തിൽ പ്രത്യേക ഗ്രാന്റ് കൊടുക്കുന്നുണ്ട്.

ശ്രീ. സി. എം. സുന്ദരം: കമ്മ്യൂണിക്കേഷൻ, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, ജലസേചനം, ശ്മശാനത്തിന് സ്ഥലം എടുക്കുന്നതിന്, മിനി സ്റ്റേഡിയം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു.

ശ്രീമതി. പി. ദേവൂട്ടി: സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തിനും ഫസ്റ്റ് ഗ്രേഡ് പഞ്ചായത്തിനും സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ കാശു കൊടുക്കുന്നുണ്ടോ? സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലുള്ള കാശ് ഏതെല്ലാം പഞ്ചായത്തിനാണ് കൊടുക്കുന്നത്.

ശ്രീ. സി. എം. സുന്ദരം: അത് പരിശോധിച്ചു പറയാം.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): ഫിനാൻസിൽ നിന്നാണ് കാശ് കൊടുക്കുന്നത്. ഫിനാൻസാണ് പഞ്ചായത്തുകൾക്ക് ഗ്രാൻറ് കൊടുക്കുന്നത്, സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകൾക്കും ഫസ്റ്റ് ഗ്രേഡ് പഞ്ചായത്തുകൾക്കും സ്റ്റാമ്പ് ഡ്യൂട്ടി അനുസരിച്ചുള്ളത് കൊടുക്കുന്നുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി അനുസരിച്ചുള്ള കുടിശ്ശികയുണ്ട്. കുടിശ്ശിക തീർക്കാനുള്ള നടപടി സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഈ സഭയിലെ നടപടിച്ചട്ടമനുസരിച്ച് ഒരു മെമ്പർക്കുള്ള അവകാശത്തെ ഇത്തരത്തിൽ നിഷേധിക്കുന്നത് ശരിയല്ല എന്ന് ബഹുമാനസൂചകമായി പറഞ്ഞുകൊണ്ട് ഞാൻ എന്റെ ചോദ്യം ചോദിക്കുകയാണ്. കഴിഞ്ഞ രണ്ടു വർഷക്കാലമായി ഈ രാജ്യത്തെ പഞ്ചായത്തുകൾക്ക് പണമില്ലാതെ, ശമ്പളം കൊടുക്കാൻപോലും കാശില്ലാതെ ബുദ്ധിമുട്ടുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ എത്ര തുക രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽനിന്ന് പഞ്ചായത്തു ഡിപ്പാർട്ടുമെൻറിനെ ഏൽപ്പിക്കാനുണ്ട്; അത് അടിയന്തിരമായി കിട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എം. സുന്ദരം: പരിശോധിച്ച് ചെയ്യാവുന്നതാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ നാലു വർഷക്കാലമായി കെട്ടിടം, ഗ്രാൻറിനത്തിൽ എത്ര പഞ്ചായത്തുകൾക്ക് എത്ര ലക്ഷം രൂപ കൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. സി. എം. സുന്ദരം: അത് വേറെ ചോദ്യമാണ്. ഇപ്പോൾ മറുപടി പറയാൻ വിഷമമാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: ഓരോ പഞ്ചായത്തിനേയും ഗ്രേഡ് തിരിക്കുന്നത് എങ്ങിനെയാണ്, എന്നുള്ളതിന് നോട്ടീസ് വേണമെന്ന് മന്ത്രി ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സമ്മതിക്കുമെന്നു ഞാൻ വിചാരിക്കുകയാണ്. ഓരോ പഞ്ചായത്തിനേയും ഗ്രേഡ് തിരിക്കുന്നത് ആ പഞ്ചായത്തിന്റെ വരവിന്റെ അടിസ്ഥാനത്തിലാണ്. അങ്ങനെയാണ് 'എ' ഗ്രേഡ്, സ്പെഷ്യൽ ഗ്രേഡ് എന്നെല്ലാം തിരിക്കുന്നത്. ഇന്ന് ഈ വരവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് തിരിക്കുക എന്നുള്ളത് ആശാസ്ത്രീയമാണ്. കളമശ്ശേരി പഞ്ചായത്തിനെപ്പോലെയുള്ള പഞ്ചായത്തുകൾക്ക് വളരെയധികം വരുമാനമുണ്ടാകും. എന്നാൽ വളരെ പിന്നോക്കം കിടക്കുന്ന പഞ്ചായത്തുകൾക്ക് വരവുണ്ടാവുകയില്ല. അങ്ങനെ പിന്നോക്കം കിടക്കുന്ന പഞ്ചായത്തുകളെക്കൂടി 'എ' ഗ്രേഡും സ്പെഷ്യൽ ഗ്രേഡുമാക്കുവാൻ ആ പഞ്ചായത്തുകൾക്ക് വരവ് കുറയുവാനുള്ള സാദ്ധ്യത മാത്രമേയുള്ളൂ എന്നുള്ളത് കണക്കിലെടുത്തുകൊണ്ട് ഗ്രാൻറ് വർദ്ധിപ്പിച്ച് ആ പഞ്ചായത്തുകളെ ഉയർത്തുവാൻ എന്തെങ്കിലും പരിപാടിയുണ്ടോ; പുതിയ നോംസ് ആൻറ് ഗൈഡ്ലൈൻസ് ഇക്കാര്യത്തിൽ ഉണ്ടാകുമോ?

ശ്രീ. സി. എം. സുന്ദരം: നല്ല നിർദ്ദേശമാണ്. പരിഗണിക്കാവുന്നതുമാണ്.

ശ്രീ. സി. ടി. കൃഷ്ണൻ: ഏഴിന പരിപാടി പ്രകാരം പഞ്ചായത്തുകളിൽ ശ്മശാനം, കമ്മ്യൂണിറ്റിഹാൾ, സ്റ്റേഡിയം, റോഡ് എന്നിവ നിർമ്മിക്കുന്നതിനുവേണ്ടി ഗ്രാൻറ് അനുവദിക്കുന്ന നടപടിക്രമമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആ മുഴുവൻ ഗ്രാൻറും കൊടുക്കാത്തതുകൊണ്ട് ഇത്തരം പ്രവർത്തനങ്ങളൊക്കെ ഇപ്പോൾ പൂർത്തിയാകാതെ നിൽക്കുകയാണ്. ശ്മശാനം, റോഡ്, കമ്മ്യൂണിറ്റി ഹാൾ, സ്റ്റേഡിയം മുതലായവ പൂർത്തിയാക്കുന്നതിനുവേണ്ടി എത്ര പഞ്ചായത്തുകൾക്ക് ഗ്രാൻറ് നൽകാൻ ഇനി ബാക്കിയുണ്ട്; ബാക്കിയുള്ള പഞ്ചായത്തുകൾക്കെല്ലാം ഏത് സമയത്ത് ഗ്രാൻറ് നൽകുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. സി. എം. സുന്ദരം: കൃത്യമായ കണക്ക് ശേഖരിച്ച് ഇനി യൊരവസരത്തിൽ തരാം.

(ബഹളം)

ശ്രീമതി. കെ. ആർ. ഗൗരി: ഗ്രാൻറ് കൊടുക്കുന്നതിനത്തിൽ ലാൻറ്സെസ്സും ഗ്രാൻറാണെന്നു പറഞ്ഞു. പഞ്ചായത്ത് ആക്ട് പ്രകാരം ലാൻറ്സെസ് പഞ്ചായത്തിൻറെ വിഹിതമാണ്; ഗ്രാൻറ് അല്ല എന്നാണ് കാണിച്ചിരിക്കുന്നത്. പുതുതായി പഞ്ചായത്ത് ആക്ടിൽ ഭേദഗതി വരുത്താതെ ലാൻറ്സെസ് എങ്ങനെ ഗ്രാൻറാകും?

ശ്രീ. സി. എം. സുന്ദരം: അതിനെപ്പറ്റി പരിശോധിച്ച് പറയുന്നതാണ്.

സംസ്ഥാനത്തെ കുഷ്ഠരോഗികളുടെ പുനരധിവാസം

*3 [450] ശ്രീ. കെ. ടി. കുണാരൻ:
,, കാനം രാജേന്ദ്രൻ:
ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര കുഷ്ഠരോഗികൾ ഉണ്ട്;

(ബി) ഇവരുടെ ചികൽസയ്ക്കും പുനരധിവാസത്തിനുമായി എന്തെല്ലാം നടപടികളാണ് ഗവൺമെൻറ് സ്വീകരിച്ചു വരുന്നത്;

(സി) ഇവരുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) 1.6 ലക്ഷം പേർ.

(ബി) 4 ലെപ്രസി കൺട്രോൾ യൂണിറ്റുകളും 327 എസ്. ഇ. ടി. സെൻററുകളും ഒരു പൈലറ്റ് സർവ്വേ യൂണിറ്റും രണ്ട് റീ കൺസ്ട്രക്ടീവ് സർജറി യൂണിറ്റുകളും 3 കുഷ്ഠരോഗാശുപത്രികളും 2 സൂപ്പർവൈസറി അർബൻ സെൻററുകളും ഒരു ലെപ്രസി ട്രെയിനിംഗ് സെൻററും സർക്കാറിൻറെ കീഴിൽ പ്രവർത്തിച്ചു വരുന്നു. 3 കുഷ്ഠരോഗാശുപത്രികളിലും പുനരധിവാസത്തിനുള്ള സൗകര്യങ്ങളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly